# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:106** 03/02/2020- **ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; എത്ര തുക വീതം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 4,01,947 ഗുണഭോക്താക്കൾക്കായി വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള 689,56,79,313 രൂപ ഉൾപ്പെടെ ആകെ 742 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയെ സംബന്ധിച്ചുള്ള പ്രസ്തുത വിവരങ്ങൾ പ്രത്യേകം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 14,838 ഗുണഭോക്താക്കൾക്കായി ആകെ 33,81,57,003 രൂപ നൽകിയിട്ടുണ്ട്. |
| (സി) | ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിനായി ഏതെങ്കിലും ജില്ലയിൽ ജനസമ്പർക്കം പോലെയുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടി വന്നിട്ടുണ്ടോ; | (സി) | ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ 2017-ൽ നടന്ന പൊതുജനസമ്പർക്ക പരിപാടിയിൽ ധനസഹായത്തിനുള്ള അപേക്ഷകളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന അപേക്ഷകളിൽ ഇപ്പോൾ എത്ര ദിവസം കൊണ്ട് തീർപ്പ് കൽപ്പിക്കാൻ സാധ്യമാകുന്നുണ്ട്; വിശദമാക്കാമോ? | (ഡി) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളിൽ കഴിയുന്നത്ര വേഗത്തിൽ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ